LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരം സംഭവങ്ങളെക്കുറിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് നാദാപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 172/2015 u/s 153/(A) IPC and 66(a), 7 IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഉണ്ട്. ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഫേസ് ബുക്ക്, വാട്സ് അപ്പ് തുടങ്ങിയ നവമാധ്യമങ്ങൾവഴി തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നാദാപുരം പോലീസ് സ്റ്റേഷനിൽ 7 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

നാദാപുരം പീഡനകേസ്

170 (175) ശ്രീമതി കെ. കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം പാറക്കടവിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിൽ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവത്തിൽ കുറ്റാരോപിതർ ആരൊക്കെയാണെന്നും അവർക്കെതിരെ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുറ്റപത്രം സമർപ്പിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) കുറ്റാരോപിതർ 2 പേർ. (1) ഷംസുദ്ദീൻ S/o സിറാജ്, ബഹറാൻ ക്വാർട്ടേഴ്സ്, പുന്നോൽ, കുറിച്ചിയിൽ (2) മുബഷീർ, S/o മുത്തലിബ്, കുണ്ടാംചെറിന്റവിട, കക്കാട്ടുവയൽ, ചെറുപറമ്പ്, IPC 376 ഉം POCSO Act 2012 Sec.4, 5 (m), 6 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഷിബിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം

171 (176) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ തൂണേരി ചടയൻകണ്ടിത്താഴ ഷിബിൻ എന്നയാളെ കൊലപ്പെടുത്തിയ കേസിൽ മുസ്ലീം ലീഗ് പ്രവർത്തകരായ ക്രിമിനലുകളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) കൊലപാതകവും അതിനായി നടന്ന ഗൂഢാലോചനയും സംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾ പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കേസ് അന്വേഷണത്തിൽ ഇതിനകം എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; റിമാന്റിലുള്ളവർ എത്ര;

(ഡി) ഇതേവരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തവർ എത്ര; അവർ ആരൊക്കെ;

(ഇ) സംഭവം സംബന്ധിച്ച് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(എഫ്) സംഭവത്തിൽ പരിക്ക് പറ്റിയവർ ആരൊക്കെയാണ്;

(ജി) കൊലചെയ്യപ്പെട്ട ഷിബിന്റെ ബന്ധുക്കളെ ആശ്വസിപ്പിക്കാൻ ഏതെല്ലാം മന്ത്രിമാർ വീട്ടിൽ സന്ദർശനം നടത്തുകയുണ്ടായി?

ഉത്തരം

(എ) ഷിബിൻ വധക്കേസുമായി ബന്ധപ്പെട്ട് 15 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ടി കൊലപാതകവുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ സെക്ഷൻ 143, 147, 148, 324, 326, 307, 302, r/w 149 IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) കേസിന്റെ അന്വേഷണത്തിൽ ഇതിനകം 15 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 10 പ്രതികൾ ഇപ്പോഴും റിമാന്റിലാണ്.

(ഡി) താഴെപ്പറയുന്ന 2 പേരെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല :

1. സമദ് s/o അന്ത്രു, കടയം കൊട്ടുമ്മൽ ഹൗസ്, ഇരിണേരി.
2. ജസീം s/o കുഞ്ഞാലി, കൊച്ചന്റെവിട, ഇരിണേരി

(ഇ) കുറ്റ്യാടി പോലീസ് ഇൻസ്പെക്ടർ ശ്രീ. ദിനേഷ് കോറോത്തിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന പോലീസ് ഉദ്യോഗസ്ഥൻ അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തിവരുന്നത് :

1. ശ്രീ. രാധാകൃഷ്ണൻ, എസ്.ഐ. നാദാപുരം കൺട്രോൾ റൂം
2. ശ്രീ രവീന്ദ്രൻ, എ.എസ്.ഐ., നാദാപുരം പോലീസ് സ്റ്റേഷൻ
3. ശ്രീ. സുജിത്ത്, എസ്.സി.പി.ഒ. 8845, കുറ്റ്യാടി പോലീസ് സ്റ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. ശ്രീധരൻ, എസ്.സി.പി.ഒ. 6323, തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ
5. ശ്രീ. ഷമീർ, സി. പി. ഒ. 7879, കുറ്റ്യാടി പോലീസ് സ്റ്റേഷൻ
6. ശ്രീ. മനീഷ്, സി. പി. ഒ. 8346, നാദാപുരം കൺട്രോൾ റൂം
7. ശ്രീ. റിജേഷ്, സി. പി. ഒ. 8504, നാദാപുരം കൺട്രോൾ റൂം.

(എഫ്) 1. അഖിൽ s/o രാജൻ, പുത്തലത്ത്, തൂണേരി
2. രഖിൽ s/o രാജൻ, കരിയില്ലത്ത്, വെള്ളൂർ
3. അനീഷ് s/o കേളപ്പൻ, മീത്തലെ പിള്ളാടിയിൽ, വെള്ളൂർ
4. വിനീഷ് s/o നാണു, വട്ടക്കണ്ടി, താഴെക്കുനി, തൂണേരി
5. ലിനീഷ് s/o ബാലൻ, ഈശ്വര വല്യത്ത്, വെള്ളൂർ.
6. രാജേഷ് s/o രാജൻ, വടക്കെവീട്ടിൽ, വെള്ളൂർ

(ജി) മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, സാമൂഹ്യക്ഷേ വകുപ്പുമന്ത്രി എന്നിവർ ഷിബിന്റെ വീട്ടിൽ സന്ദർശനം നടത്തി.

നാദാപുരം മേഖലയിലെ ക്രമസമാധാനം

172 (177) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മേഖലയിൽ വളരെക്കാലമായി നിലനിന്നിരുന്ന സൗഹാർദ്ദാന്തരീക്ഷം തകരാനിടയായ സാഹചര്യം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇവിടെയുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഏതെല്ലാം മതവിഭാഗങ്ങളിൽപ്പെട്ടവരുടെ കടകളും വീടുകളുമാണ് ആക്രമിക്കപ്പെട്ടത് എന്ന് വിശദമാക്കാമോ;

(ഡി) അഞ്ച് യുവാക്കൾ ബോംബ് പൊട്ടി മരിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly